കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

തോളൂർ ഗ്രാമപഞ്ചായത്ത്
ഓഡിറ്റ് റിപ്പോർട്ട് 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

e-mail.id : dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ടി.എസ്.ആർ(പി3)7/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
PIN. 680 020 തിയ്യതി 30.01.2017
Ph.No. 0487 2331249
e-mail. id : dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തോളൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തോളൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ടി.എസ്.ആർ(പി3)7/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
PIN. 680 020 തിയ്യതി 30.01.2017
Ph.No. 0487 2331249
e-mail. id : dotsr.ksad@kerala.gov.in

തൃശ്ശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.02.15മുതൽ 31.03.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക് 2015-16 വർഷത്തിലെ മാർച്ച് മാസത്തിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ. കെ.യു.ചേക്കുട്ടി ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	8.11.16 മുതൽ 15.11.16 വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീ. എം.എൽ.അഗസ്റ്റിൻ ഓഡിറ്റ് ഓഫീസർ
	ശ്രീ. എസ് ജയകൃഷ്ണൻ അസി.ഓഡിറ്റ് ഓഫീസർ
	ശ്രീമതി. ഷൈനി കൃഷ്ണദാസ് അസി.ഓഡിറ്റ് ഓഫീസർ
	ശ്രീ. ജോമോൻ.ഇ.കെ സീനി. ഗ്രേഡ് ഓഡിറ്റർ
	ശ്രീമതി. ബിന്ദു.സി.വി ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീമതി.എൻ.പി.സരോജിനി	1.4.15 മുതൽ 31.10.15 വരെ
	ഭരണ നിർവ്വഹണ കമ്മിറ്റി	1.11.15 മുതൽ 18.11.15 വരെ
	ശ്രീമതി. രാധാ രവീന്ദ്രൻ	19.11.15 മുതൽ 31.3.16 വരെ
സെക്രട്ടറി	കെ.ഉണ്ണികൃഷ്ണൻ	1.4.15 മുതൽ 31.3.16 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
കൃഷി ഓഫീസർ	ജെഷി.പി	1.4.15 മുതൽ 30.6.15 വരെ
	സോമകുമാർ.പി.ജി	1.7.15 മുതൽ 30.11.15 വരെ
	സുകുമാരൻ .കെ	1.12.15 മുതൽ 31.3.16 വരെ
അസി.എഞ്ചിനീയർ	സിബി.എ.പി	1.4.15 മുതൽ 31.3.16 വരെ
മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	ഡോ. നവ്യ ഇട്ട്യേര	1.4.15 മുതൽ

		31.3.16 വരെ
മെഡിക്കൽ ഓഫീസർ,ആയുർവേദം	ഡോ.നീലകണ്ഠൻ	1.4.15 മുതൽ 31.3.16 വരെ
മെഡിക്കൽ ഓഫീസർ, ഹോമിയോ	ഡോ.ബിന്ദു.പി	1.4.15 മുതൽ 31.3.16 വരെ
വി.ഇ.ഒ	സിന്ധു.പി	1.4.15 മുതൽ 31.3.16 വരെ
ഐ.സി.ഡി.എസ് സൂപ്പർവൈസർ	ഷീജ.പി.ജെ	1.4.15 മുതൽ 23.9.15 FN വരെ
	ശ്രീകല. കെ	23.9.15 മുതൽ 4.1.16 FN വരെ
	ഡോണ വിജയൻ	4.1.16 മുതൽ 31.3.16 വരെ
വെറ്ററിനറി സർജൻ	ഡോ.ഹരീഷ്.പി.എസ്	1.4.15 മുതൽ 16.6.15 വരെ
	ഡോ. വിനോദ് കുമാർ	17.6.15 മുതൽ 31.3.16 വരെ
അസി.സെക്രട്ടറി	ശിവദാസൻ.ടി.വി	1.4.15 മുതൽ 31.3.16 വരെ
പ്രധാനാദ്ധ്യാപിക	സെലീന	1.4.15 മുതൽ 31.3.16 വരെ

ഉള്ളടക്കം

ക്രമ നം.	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1.1
2	വാർഷിക ധനകാര്യപത്രിക.	1.2
3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.	1.3
4	സാമ്പത്തിക വിശകലനം	1.4
5	ഫണ്ട് വിനിയോഗം	1.5
6	പദ്ധതി അവലോകനം.	1.6
7	തനത് വരുമാനം.	1.7
8	ക്ഷേമപദ്ധതികൾ	1.8
9	ക്യാഷ് വെരിഫിക്കേഷൻ	1.9
10	ആഭ്യന്തരനിയന്ത്രണം.	1.10
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1.11
	ഭാഗം 2	
12	തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്	2-1
13	ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്	2-2
	ഭാഗം 3	
14	മനപ്പാട്ടുപറമ്പ് കുടിവെള്ളപദ്ധതി-അപാകതകൾ	3-1
15	ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്ക് തുക നല്കിയത് വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല	3-2
16	മീഡിയാശ്രീ പദ്ധതി - പദ്ധതി പൂർത്തീകരണത്തിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.	3-3

17	തെരുവുവിളക്കുകളുടെ പരിപാലനം - അപാകതകൾ	3-4
18	ഗുണഭോകതൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്കും ആനുകൂല്യം നൽകി	3-5
19	കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ	3-6
20	അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ	3-7
	ഭാഗം 4	
21	സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4.1
22	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4.2
23	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4.3
24	വായ്പ/ വായ്പ തിരിച്ചടവ്	4.4
25	സ്ഥിരനിക്ഷേപങ്ങൾ	4.5
26	ഓഡിറ്റ് റിക്കവറി	4.6
27	ഓഡിറ്റ് പ്രത്യവലോകനം	4.7
28	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4.8

ഭാഗം -1
പൊതു അവലോകനം

പൊതു അവലോകനം

1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25.03.15 തിയതിയിലെ 30/15 ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 79056556/- രൂപയും ചെലവ് 78354914/- രൂപയുമാണ്. ബജറ്റ് 03.03.16 ലെ 1(1) ാം നമ്പർ പ്രകാരം പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് 76929505.28 രൂപയും ചെലവ് 74939280/-രൂപയുമാണ്.

1-2 വാർഷിക ധനകാര്യപത്രിക.

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31/07/15	19.7.16

1-3 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1.ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തിൽ നടത്തിയ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

2.നാളിതുവരെയുള്ള ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
4.ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	11555871.00
വരവ്	28209128.00
ആകെ	39764999.00
ചെലവ്	35103359.00
നീക്കിയിരിപ്പ്	4661640.00

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	ട്രാൻസ്ഫർ ക്രെഡിറ്റ്	നീക്കിയിരിപ്പ്
വികസനഫണ്ട് പൊതുവിഭാഗം	1327310	4144742	5472052	5472052	0	0
വികസനഫണ്ട് എസ്.സി.പി.	1582457	2856017	4438474	4438474	0	0
	0	17000	17000	17000	0	0

വികസനഫണ്ട് ടി.എസ്.പി.						
സംരക്ഷണഗ്രാന്റ് (റോഡ്)	107551	4856276	4963827	4963827	520123 രൂപ വരവ് നോൺ റോഡിൽ നിന്നും മാറ്റിയത്	
സംരക്ഷണഗ്രാന്റ് നോൺറോഡ്	1219599	1904015	3123614	3123614		0
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	436205	2715367	3151572	2795162	356410	0
പെർഫോമൻസ് ഗ്രാന്റ്	2138989	1943032	4082021	2065021	2017000	
എം.എൻ.ആർ.ഇ.ജി.എസ്.	0	9682695	9682695	9678529	0	4166
ബി ഫണ്ട്	0	21736201	21736201	21736201	0	0
ജനറൽ പർപ്പസ് ഗ്രാന്റ്	3690785	5187459	8878244	5037419	0	3840825

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
114	33256322	81	24975436	27	6	71%

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 3.8% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	ശതമാനം (+)/(-)
നികുതി വരവുകൾ	3145988	1907997	1237991	(-)39.4
നികുതിയേതര വരവുകൾ	391573	465527	73954	(+) 18.9
മറ്റുവരവുകൾ	5918722	7442094	1523372	(+)25.7
ആകെ	9456283	9815618	359335	(+)3.8

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	150120	79
കർഷകതൊഴിലാളി പെൻഷൻ	4406220	640
വിധവാപെൻഷൻ	7489720	874
വാർദ്ധക്യകാലപെൻഷൻ	6027030	871
വികലാംഗപെൻഷൻ	1955015	218
50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	951760	114
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	240000	

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.11.16 തിയതിയിൽ 3.30 പി.എംന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10504/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു. തുക ക്യാഷ് ബുക്ക് , ഡേ ബുക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നുണ്ട്.

1-10 ആഭ്യന്തരനിയന്ത്രണം.

1)ഓഫീസ് ഓർഡർ പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്.

2) പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതായ പ്രധാന രജിസ്റ്ററുകളായ ക്യാഷ് ബുക്ക്, ആസ്തി രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവയെല്ലാം സൂക്ഷിക്കുന്നുണ്ട്

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	13.10.16	സെപ്റ്റംബർ 2016	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	7.1.2011മുതൽ 19.1.11 വരെ	2005-06 മുതൽ 2009-10 വരെ	02.01.12

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

ഡി&ഒ രജിസ്റ്റർ പരിശോധിച്ചപ്പോൾ ലൈസൻസ് എടുത്ത താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3, ചട്ടം 6 എന്നിവയനുസരിച്ച് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

ഡി&ഒ ലൈസൻസ് നമ്പർ	സ്ഥാപനം	വിറ്റുവരവ്	ഈടാക്കേണ്ടത്/ ഈടാക്കിയത് (വർഷത്തിൽ)	കുറവ്
12/15-16	ശ്രീലക്ഷ്മി ഇലക്ട്രോണിക്സ്	6000	600/240	360
62/15-16	സി.ആർ.ബി ഏജൻസി	11000	900/360	540
139/15-16	നീതി മെഡിക്കൽ സ്റ്റോർ	15000	1500/1200	300
174/15-16	ബ്രദേഴ്സ് സ്റ്റേഷനറി&ഫുട്വെയർ	5000	600/360	240
175/15-16	ബ്രദേഴ്സ് സ്റ്റേഷനറി & ഫുട്വെയർ	5000	600/360	240
179/15-16	മാംസ വില്പനശാല	10000	900/360	540
189/15-16	മാർജിൻ ഫ്രീ സൂപ്പർമാർക്കറ്റ്	10000	900/360	540
208/15-16	അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്	10000	900/0	900
219/15-16	കുറ്റിക്കാട്ട് സൺസ് അടക്ക വ്യാപാരം	10000	900/600	300
232A/15-16	ആട്ടോക്കാരൻ സോമിൽ	10000	900/600	300
237/15-16	സൺഫ്ലവർ മിറർ ഇൻഡസ്ട്രീസ്	50000	2500/2000	500
333/15-16	സാത്വിക സ്റ്റോഴ്സ്	10000	900/600	300
			ആകെ	5060

ഈടാക്കാനുള്ള തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-2 ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 1996ലെ ലൈസൻസ് ചട്ടങ്ങൾ – ചട്ടം 7 (പട്ടിക II ചട്ടം 18,19 (പട്ടിക III)) തുടങ്ങിയവയിൽ പറയുന്ന വിറ്റുവരവ്/യന്ത്രത്തിന്റെ കുതിരശക്തി എന്നിവക്ക് അനുസരിച്ച് ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.

ഡി&ഒ ലൈസൻസ് നമ്പർ	സ്ഥാപനത്തിന്റെ പേര്	വിറ്റുവരവ്/ യന്ത്രത്തിന്റെ കുതിരശക്തി	ഈടാക്കേണ്ട ഫീ/	കുറവ്

			ഈടാക്കിയ ഫീ	
12/15-16	ശ്രീലക്ഷ്മി ഇലക്ട്രോണിക്സ്	6000	200/100	100
62/15-16	സി.ആർ.ബി ഏജൻസി	11000	300/200	100
63/15-16	സി.എൽ.ബി. ഓയിൽ മിൽ	50 എച്ച്.പി.	500/100	400
66/15-16	കല്പക ഓയിൽ ഇൻഡസ്ട്രീസ്	35 എച്ച്.പി.	400/100	300
84/15-16	പി.ബി.ആർ മിൽ	10 എച്ച്.പി.	100/50	50
160/15-16	കേര ഓയിൽ മിൽ	20 എച്ച്.പി	200/100	100
166/15-16	ശ്രീമുരുക ഫ്ലവർമിൽ	10 എച്ച്.പി.	100/50	50
189/15-16	മാർജിൻ ഫ്രീ സൂപ്പർമാർക്കറ്റ്	10000	200/100	100
203/15-16	സെന്റ് ജോസ് സോമിൽ	42.5 എച്ച്.പി	500/300	200
205/15-16	യൂണിയൻ റൈസ് മിൽ	12 എച്ച്.പി	200/100	100
211/15-16	അഞ്ജലി റൈസ് മിൽ	11.5 എച്ച്.പി	200/100	100
216/15-16	ഡിവൈൻ നാച്ചറൽ ഫുഡ്	23.5 എച്ച്.പി	300/200	100
232A/15-16	ആട്ടോക്കാരൻ സോമിൽ	42 എച്ച്.പി	500/200	300
241/15-16	ശശി ഡയമണ്ട് കമ്പനി	20 എച്ച്.പി	200/100	100
			ആകെ	2100

കുറവ് വന്ന ലൈസൻസ് ഫീ തുക 2100/- ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 മനപ്പാട്ടുപറമ്പ് കുടിവെള്ളപദ്ധതി-അപാകതകൾ

പ്രോജക്ട് നം -SO 136/16

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി,തോളൂർ ഗ്രാമപഞ്ചായത്ത്

തുക – 580000/-(വികസന ഫണ്ട്)

ബിൽ നം - 40/27.2.16

ഡി.ഡി.നം. -118985/1.3.16

മനപ്പാട്ടുപറമ്പ് ലക്ഷം വീട് കുടിവെള്ളപദ്ധതിക്കായി ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിലേക്ക് (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് സീതാറാം മിൽ ലെയ്ൻ, പൂങ്കുന്നം, തൃശ്ശൂർ) മേൽപ്പറഞ്ഞ പ്രകാരം തുക അടവാക്കിയിട്ടുണ്ട്. (രസീത് നം.1116/15.3.16). 26 വീടുകളിലേക്ക് ഗാർഹിക കണക്ഷൻ നൽകുന്നതുൾപ്പടെയുള്ള എസ്റ്റിമേറ്റാണ് ഗ്രൗണ്ട് വാട്ടർ അതോറിറ്റി ലഭ്യമാക്കിയിരിക്കുന്നത്. പ്രോജക്ട് ഫയലിന്റെ ഭാഗം E 31ൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളുടെയും ചെലവുകളുടെയും വിശദാംശങ്ങൾ പ്രകാരം കിണർ നിർമ്മാണത്തിനായി 30670/- രൂപയും പുതിയ മോട്ടോർ സ്ഥാപിക്കൽ, പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾക്കായി 549330/- രൂപയുമാണ് നൽകിയിട്ടുള്ളത്. പ്രോജക്ട് അംഗീകാരം നേടുന്നതിന് നിർബന്ധമായി ഉണ്ടായിരിക്കേണ്ട രേഖകളായ സൈറ്റ് പ്ലാൻ, ലൊക്കേഷൻ മാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഫയലിനൊപ്പം അടക്കം ചെയ്തിട്ടില്ല. പ്രോജക്ട് ഫയൽ ഭാഗം E 31 പ്രകാരം പ്രവർത്തനത്തിന്റെ സമയക്രമം മാർച്ച് 2016 വരെയായിരുന്നു. എന്നാൽ ഈ പ്രോജക്ട് പൂർത്തീകരിച്ചതിന്റെ രേഖകളോ തുക വിനിയോഗിച്ചതിന്റെ വിവരങ്ങളോ ഹാജരാക്കിയിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതിനാൽ മേൽപ്പറഞ്ഞ പ്രോജക്ടിനായി ചെലവഴിച്ച തുകകൾ 580000/- രൂപ തടസ്സപ്പെടുത്തുന്നു.

ജി.ഒ.(എം.എസ്)362/2013 ത.സ്വ.ഭ.വ 16.11.2013 സബ്സിഡിയും അനുബന്ധ വിഷയങ്ങളും പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം (ഖ.7.12 (1)കുടിവെള്ളപ്രോജക്ടുകൾ) കുടിവെള്ള പ്രോജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തീകരിച്ച ശേഷം പ്രോജക്ടിന്റെ തുടർ നടത്തിപ്പും അറ്റകുറ്റപ്പണിയുടെ ചുമതലയും ഗുണഭോക്തൃഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണ്. അങ്ങനെ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ട ശേഷമേ പ്രവൃത്തിയുടെ നിർവ്വഹണം ആരംഭിക്കാവൂ. മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3-2 ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്ക് തുക നല്കിയത് വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

2015-16 ൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിലേക്ക് കുടിവെള്ളപദ്ധതിക്കായി താഴെപ്പറയുന്ന പ്രകാരം തുക നല്കിയിട്ടുണ്ട്. എന്നാൽ നാളിതു വരെ തുക വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഇതിനായി ചെലവാക്കിയ 850000 രൂപ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം.5/10.11.16)

വൗച്ചർ നം/ തീയ്യതി	കുടിവെള്ളപദ്ധതിയുടെ പേര്	തുക
21500432/30.9.15	5-ാംവാർഡ് പോന്നോർ കോളനി കുടിവെള്ള പദ്ധതി	850000/-

3-3 മീഡിയാശ്രീ പദ്ധതി - പദ്ധതി പൂർത്തീകരണത്തിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രോജക്ട്നം -SOO-51/16

ബിൽനം -2/13.7.15

തുക -65000/-രൂപ
പ്രവർത്തി നടത്തേണ്ട സ്ഥാപനം –കുടുംബശ്രീ മിഷൻ

ഡി.ഡി.നം.779449/14.07.2015

05.12.2014ലെ സ.ഉ(സാ.ധാ)നം.3206/2014/ത.സ്വ.ഭ.വ ഉത്തരവു പ്രകാരം "മീഡിയാശ്രീ" പദ്ധതിയ്ക്ക് കേരളത്തിലെ നിലവിലുള്ള തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ ചരിത്രവും നേട്ടങ്ങളും ചിത്രീകരിക്കുന്നതിന് 65000/- വീതം തനത്ഫണ്ടിൽ നിന്നോ വികസനഫണ്ടിൽ നിന്നോ ചെലവഴിക്കാവുന്നതാണ്. ടി പ്രവർത്തി നിർവ്വഹിക്കുന്നതിന് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ രണ്ടാം കക്ഷിയായി സെക്രട്ടറിയുമായി കരാർ വച്ചിരിക്കുന്നത് മുദ്രപത്രത്തിലല്ല. കരാർ രേഖയുടെ 5-ാം ഖണ്ഡികയായി ഡോക്യുമെന്ററിയുടെ സമയ ബന്ധിതമായ പൂർത്തീകരണവും ഗുണമേന്മയും ഉറപ്പു വരുത്തേണ്ടത് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററാണ്.പദ്ധതി പൂർത്തീകരണത്തിന്റെ രേഖകൾ (ഡോക്യുമെന്ററിയുടെ സി.ഡി) ചെലവിന്റെ വിശദമായ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

പദ്ധതി പൂർത്തീകരണത്തിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവു തുകയായ 65000 രൂപ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം.6/11.11.16)

3-4 തെരുവുവിളക്കുകളുടെ പരിപാലനം - അപാകതകൾ

തൻവർഷം വിവിധ ഇലക്ട്രിക്കൽ പ്രവർത്തികൾക്കായി പദ്ധതികൾ നടപ്പിലാക്കിയതിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം	പ്രവൃത്തി	തുക	തുകയുടെ വിശദാംശങ്ങൾ	അപാകതകൾ
നം.SOO30/ 16	3473 മീ.സ്ട്രീറ്റ് ലൈൻ നീട്ടൽ, 155മീ. 1 ഫേസ്സ് 2 വയർ ലൈൻ നീട്ടൽ, 75 മീറ്റർ 1 ഫേസ് 3 വയർ (നിലവിലുള്ള പോളുകളിൽ), ഇൻസ്റ്റലേഷൻ, സൂപ്പർവിഷൻ ചാർജ്ജ്(92 സി.എഫ്.എൽ)	348000/-	ബിൽ നം 12/ 22.8.15, ഡി.ഡി.നം. 566595/ 22.8.15	കെ.എസ്.ഇ.ബി.യിൽ നിന്ന് പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. വാർഡ് മെംബർമാർ സാക്ഷ്യപ്പെടുത്തിയ പ്രവർത്തിപൂർത്തീകരണ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയിട്ടില്ല. സി.എഫ്.എല്ലുകൾ തെരുവുവിളക്കുകളുടെ സ്റ്റോക്കിൽ ഓപ്പണിംഗ് ബാലൻസ്, ക്ലോസിംഗ് ബാലൻസ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
നം.SOO31/ 16	തെരുവുവിളക്കുകളുടെ റിപ്പയർ & മെയിന്റനൻസ്	18200/-	ബിൽ നം.756/ 10.2.16 വൗച്ചർ നം.21500786/ 10.2.16, ചെ.നം.287823/ 10.2.16, 9800/- ഇൻവോയ്സ് നം.830/ 29.12.15 ബിൽ നം.876/ 19.3.16, 21500908/ 19.3.16, ചെ.നം.289613/ 17.3.16 , 8400/-	ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടില്ല.
SOO35/ 16	ക്രൂസ്,മയിൽപ്പാടി കാസർഗോഡിൽ നിന്ന് സി.എഫ്.എൽ റിട്രോഫിറ്റ് ലാംപ് 25w (1000) , ഇൻസുലേഷൻ ടേപ്പ്(50), 1.5സ്ക്വയർ മി.മീ.അലുമിനിയം വയർ 2 കോർ (20),പെൻഡന്റ് ഹോൾഡർ ഫോർ ബൾബ് & സി.എഫ്. എൽ(600)	237769/-	ബിൽ നം.34/ 30.1.16 ഡി.ഡി.നം.118475/ 30.02.2016	ആവശ്യമായ എണ്ണത്തിലും അധികം സ്റ്റോക്ക് ചെയ്യുന്നത് ഒഴിവാക്കേണ്ടതാണ്. പരാതി രജിസ്റ്റർ പ്രകാരം മെമ്പർമാരുടെ ആവശ്യപ്രകാരമാണ് വിളക്കുകളുടെസ്ഥാപനം നടത്തിയിട്ടുള്ളതെന്ന് ഉറപ്പു വരുത്തിയിട്ടില്ല. സ.ഉ(സാ.ധാ)നം.3140/ 2015/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയ്യതി.16.10.2015 പ്രകാരം കെ.എസ്.ഇ.ബിയിൽ നിന്ന് ക്ലിയറൻസ്

				വാങ്ങിയത് ഹാജരാക്കിയിട്ടില്ല. ക്രൂസിൽനിന്ന് വാങ്ങൽ നടത്തുന്നതിന് ക്രൂസിനെത്തന്നെ സപ്ളൈ,എറക്ഷൻ, പരിപാലനംഎന്നിവ ഏൽപ്പിക്കണമെന്ന നിബന്ധനപാലിച്ചിട്ടില്ല. ഇൻവോയ്സ് 0471/ 22.12.15 പ്രകാരം വാങ്ങിയ 150 സി.എഫ്.എല്ലുകൾ ഒരു വർഷം പോലും തികയുന്നതിനു മുൻപ് പ്രവർത്തന രഹിതമായതായി ക്രൂസിന് അയച്ച കത്തിൽ സെക്രട്ടറി പ്രകാരം അറിയിച്ചിട്ടുണ്ട്. വാറന്റി കാലയളവിനുള്ളിൽ തന്നെ C.F.ലാമ്പുകൾ കേടായതിനാൽ ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

തെരുവുവിളക്കുകളുടെ പരിപാലനത്തിന് അടാട്ട് മാതൃക പഞ്ചായത്ത് അവലംബിച്ചിട്ടുണ്ടെങ്കിലും രജിസ്റ്റർ ഓഫ് അൺസർവ്വീസെബിൾ ഐറ്റംസ്, സ്റ്റോക്ക് ഇൻ രജിസ്റ്റർ, സ്റ്റോക്ക് ഔട്ട് രജിസ്റ്റർ ആയതിന്റെ റീക്കൺസലിംഗ് മുതലായവ സൂക്ഷിച്ചു കാണുന്നില്ല. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കും വരെ ഇതിനായി ചെലവഴിച്ച തുകകൾ (348000 +18200+237769=603969 രൂപ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം.11/15.11.16)

3-5 ഗുണഭോകതൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്കും ആനുകൂല്യം നൽകി

പ്രോജക്ടിന്റെ പേര് : ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

പ്രോജക്റ്റ് നം. : 79/16

ബിൽ നം. : 9/15-16 തി. 28.3.16 തുക 229800

ചെക്ക് നം. : 0237714/19.3.16 തുക 114900

മേൽ പദ്ധതി പ്രകാരം , ഗുണഭോകതൃലിസ്റ്റിൽ ഉൾപ്പെടാതെ ആനുകൂല്യം കൈപ്പറ്റിയവരുടെ വിശദാംങ്ങൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേരു വിവരം	കൈപ്പറ്റിയ തുക
നിരഞ്ജൻ,s/o സുധാകരൻ,കരിക്കിലവളപ്പിൽ (H)	9000
ശിവൻ.ടി.യു,തച്ചംമ്പിള്ളി (ആച്ചാട്ടിൽ വീട്) ,മുള്ളൂർ	3600
വിവേക്.എം.വി,s/o വിജയൻ,മുതുവന്നൂർ ഹൗസ്,എടക്കളത്തൂർ	9000
ദക്ഷ് ,s/o ജിതിൻ ബാബു,അരകുളം ഹൗസ്,പറപ്പൂർ	9000
ആകെ	30600

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാതെ ആനുകൂല്യം നൽകിയത് വഴി മേൽ പ്രകാരം ചെലവ് വന്ന 30600/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

3-6 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

<u>I.ജൈവപച്ചക്കറി കൃഷി വികസനം</u>

പ്രോജക്റ്റ് നം. 138/16

ബിൽ നം. TKB 7/15-16 തിയ്യതി 31 .3.16 തുക 50000/-

പഞ്ചായത്ത് പരിധിയിലെ കൃഷി ചെയ്യാൻ താത്പര്യമുള്ള 16 കുടുംബങ്ങൾക്ക് വിത്ത് വിതരണം, ജൈവവളം, പച്ചക്കറി കൃഷിയ്ക്ക് കൂലിചെലവ് എന്നിവയാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. പദ്ധതി നടത്തിപ്പിനായി ഗുണഭോക്താക്കളെ കണ്ടെത്തുകയോ, ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുകയോ ചെയ്യതായി കാണുന്നില്ല.

2.വിത്തുകൾ / തൈകൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതായി കാണുന്നില്ല.

മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവ് തുക 50000 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

<u>II. ഇഞ്ചി വിത്ത് വിതരണം</u>

പ്രോജക്റ്റ് നം. 8/16

ബിൽ നം. TKB 4/15-16 തിയ്യതി 31 .03.16 തുക 14850

പദ്ധതി പ്രകാരം 14850 രൂപ പ്ലാൻ ഫണ്ടും 4950 രൂപ ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ 19800/- രൂപയാണ് പദ്ധതി അടങ്കൽ. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി , മുണ്ടത്തിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 660 കി.ഗ്രാം ഇഞ്ചി വിത്ത് വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട്. ആയത് പ്രകാരം 14850 രൂപ പ്ലാൻ ഫണ്ടും, 18150 രൂപ ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ 33000 രൂപയാണ് പദ്ധതി ചെലവ് വന്നിട്ടുള്ളത്. പദ്ധതി അടങ്കലിനേക്കാൾ അധികരിച്ചാണ് ചെലവ് വന്നിട്ടുള്ളത്. എന്നാൽ പ്രോജക്ട് റിവൈസ് ചെയ്യതായി കാണുന്നില്ല.

<u>III. കാർഷിക ഉപകരണങ്ങൾ വാങ്ങൽ</u>

പ്രോജക്റ്റ് നം . 3/16

ബിൽ നം. TKB 6/15-16 തി. 29.3.16 തുക 38750

പദ്ധതി പ്രകാരം കുറ്റിപമ്പ്, പവർ സ്പ്രേയർ എന്നിവ കർഷകർ നേരിട്ട് വാങ്ങുകയും രേഖകൾ ഹാജരാക്കിയ മുറയ്ക്ക് സബ്സിഡി തുക അക്കൗണ്ടിലേക്ക് അനുവദിക്കുകയുമാണ് ചെയ്യിരിക്കുന്നത്.

ജി.ഒ (എം.എസ്) 362/2013 തി. 16.11.13 ാം നമ്പർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം കൃഷി മുഖ്യതൊഴിലായുള്ള കുറഞ്ഞത് ഒരു ഏക്കർ നെൽവയൽ ഉള്ളവർക്കാണ് പവർ സ്പ്രേയർ അനുവദിക്കാവുന്നത്.എന്നാൽ ഒരു ഏക്കർ നെൽവയൽ ഇല്ലാത്തവർക്കും പവർ സ്പ്രേയർ വാങ്ങിയതിനുള്ള സബ്സിഡി തുക അനുവദിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേരു വിവരം	കൃഷി ചെയ്ത ഏരിയ	അനുവദിച്ച സബ്സിഡി തുക
ഇ.പി.തോമക്കുട്ടി എടക്കളത്തൂർ പൊറിഞ്ചു തോമക്കുട്ടി	88 സെന്റ്	4000
കെ. അനിൽകുമാർ പട്ടത്ത് വീട് എടക്കളത്തൂർ	62 സെന്റ്	4000

സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് ചെലവ് ചെയ്ത 8000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

3-7 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

എ. ആസ്തി രജിസ്റ്ററിലെ ക്രമ നമ്പറും, പ്രോജക്റ്റിലെ യൂണീക്ക് നമ്പറും ഒത്തുപോകുന്നില്ല.

2015-16 സാമ്പത്തിക വർഷം നടപ്പാക്കിയ പ്രോജക്റ്റുകളുടെ യൂണീക്ക് നമ്പർ മിക്കവയും 175 ആണ്. പ്രോജക്റ്റ് അംഗീകാരം നേടുന്നതിൽ നല്കേണ്ട ക്രമ നമ്പർ (പുതിയവ ഒഴികെ) പഞ്ചായത്തിലെ നിലവിലെ ആസ്തികളുടെ ക്രമ നമ്പർ ആയിരികെ അതിന് വിപരീതമായി എല്ലാ മരാമത്തു പ്രവർത്തികൾക്കും ഒരേ ക്രമ നമ്പർ നല്കുന്നത് മൂല് യഥാർത്ഥത്തിൽ ഒരേ പ്രവർത്തികൾ തന്നെ ആവർത്തിക്കപ്പെട്ടിട്ടില്ല എന്ന് ഉറപ്പാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ട്.

ബി. പദ്ധതി പൂർത്തീകരണത്തിനു ശേഷം ഗുണഭോക്തൃ സമിതി രൂപീകരിച്ച് കൈമാറിയിട്ടില്ല

143/16 എന്ന 3-ാം വാർഡ് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയ്ക്കു വേണ്ടി തൻവർഷം 115981/-രൂപ ചെലവഴിച്ചു. (ട്രഷറി ബിൽ നം. 51/15-16 തിയ്യതി 29.03.2016) എന്നാൽ പ്രസ്തുത പദ്ധതി പ്രദേശത്തെ ഗുണഭോക്താക്കളുടെ സമിതി രൂപീകരിച്ച് തുടർ നടത്തിപ്പിനായി ഏല്പിച്ചു നല്കി കാണുന്നില്ല.

സി.അംഗനവാടി പുനരുദ്ധാരണം സർക്കാർ നിർദ്ദേശങ്ങൾ മറികടന്ന് നവംബർ മാസങ്ങളിൽ നിർവ്വഹിച്ചു കാണുന്നു.

22.03.11ലെ സർക്കുലർ 31055/സി.സി.2/11 പ്രകാരം അംഗനവാടികളുടെ പുനരുദ്ധാരണം ഏപ്രിൽ, മെയ് മാസങ്ങളിൽ പൂർത്തീയാക്കണം എന്ന നിർദ്ദേശമുണ്ട്. സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ, സൂപ്പർവൈസർ, എഞ്ചിനീയർ, വർക്കർ എന്നിവരുടെ യോഗം വിളിച്ച് സമയബന്ധിതമായി ആക്ഷൻ പ്ലാൻ തയ്യാറാക്കി മെയ് 30നകം ഫിറ്റ്നസ് ഉറപ്പാക്കേണ്ടതുണ്ട്. എന്നാൽ 37/15-16 എന്ന പ്രോജക്റ്റിനു വേണ്ടി 499409/-രൂപ ട്രഷറി ബിൽ നം. 15/15-16, 17/15-16 തിയ്യതി 30.01.2016 പ്രകാരം ചെലവഴിച്ചു കാണുന്നു. പ്രസ്തുത പ്രവർത്തിയുടെ അളവു പുസ്തകം (101/15-16, 107/15-16, 106/15-16) അവസാന ചെക്ക് മെഷർ ചെയ്തിരിക്കുന്നത് 27.11.15ലാണ്. അംഗനവാടികളുടെ പുനരുദ്ധാരണം സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മെയ് 30നകം ഫിറ്റ്നസ് നല്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്കിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2015-16	150000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	114900	35100

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	5 ാം വാർഡ് പോന്നോർ കോളനി കുടിവെള്ള പദ്ധതി ഹൗസ് കണക്ഷൻ	21500432/ 30.9.15	850000	--	850000
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	മനപ്പാട്ടുപറമ്പ് കുടിവെള്ള പദ്ധതി	21500842/ 29.2.16	580000	--	580000
കേരള വാട്ടർ അതോറിറ്റി	കൊളന്നൂർ എസ്.സി. കോളനി പൈപ്പ് ലൈൻ നീട്ടൽ	41400331/ 19.03.15	90000	88788	1212
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	മനപ്പാട്ട് പറമ്പ് അബേദ്ക്കർ കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ വിപുലീകരണം	41400332/ 19.03.15	362500	346400	16100

കേരള വാട്ടർ അതോറിറ്റി	31/14 കടാത്തോട് കുടിവെള്ള പദ്ധതി	21300563/ 07.11.13	150000	--	150000
കേരള വാട്ടർ അതോറിറ്റി	31/14 കടാത്തോട് കുടിവെള്ള പദ്ധതി	21300998/ 26.03.14	600000	--	600000
K.S.E.B	Automatic C.F.L to ordinary	21300995/ 26.03.14	2500	--	2500
K.S.E.B	സ്ട്രീറ്റ് ലൈൻ നീട്ടൽ	21500390/ 31.03.16	348000	--	348000
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	മപ്പാട്ട് പറമ്പ് അബേദ്ക്കർ കോളനി കുടിവെള്ള പദ്ധതി.	26/14.10.15	20000	--	20000

വാർഷിക ധനകാര്യപത്രിക B-18 പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപം 767,312/-രൂപയാണ്. എന്നാൽ വൗച്ചർ പരിശോധനയിൽ (90000+ 150000+600000) 840000/- രൂപയാണ്. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ A.F.S പ്രകാരം 1430000/-ഉം വൗച്ചർ പരിശോധനയിൽ 1812500/- (362500+ 20000+ 1430000) രൂപയുമാണ് വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല

4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	5000
തൻവർഷം നിക്ഷേപിച്ച തുക	----
ആകെ	5000
തന്നാണ്ടിൽ പിൻവലിച്ച തുക	---
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	5000

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

നിക്ഷേപത്തിന്റെ വിവരം / രശീതി നം	തുക
തൃശ്ശൂർകോ ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ , പി. ഒ വാഴാനി,തൃശ്ശൂർ	5000
ആകെ	5000

4-6 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ തിയ്യതി
2012-13	3-13(1)	400	വി.ഇ . സുഹറ, സെക്രട്ടറി	11501100180/17.4.15
2013-14	3-9	20000	ശശിധരൻ, വി.ഇ.ഒ	11501100205/ 7.1.16
2013-14	2-2	360	ട്രിജോ	11501101734/25.11.15
2013-14	2-2	120	ഡേവിസ്	11501102278/3.2.16
2013-14	2-3(ബി)	200	സെക്രട്ടറി,പറപ്പൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	11501101923/16.12.15
2013-14	2-3(ബി)	850	അലൻ	11501101925/16.12.15
2013-14	2-3(ബി)	100	സെക്രട്ടറി, വ്യാപാരി വ്യവസായി	11501101938/18.12.15
2013-14	2-3(ബി)	50	ജിജോ തോമസ്സ്	11501102037/4.1.16

4-7 ഓഡിറ്റ് പ്രത്യവലോകനം

<u>(എ) സംക്ഷിപ്ത വിവരം</u>

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	28209128.00

ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	35103359.00
വരവിനങ്ങളിലുള്ള നഷ്ടം	:	7160
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	8000
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	2179569

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2-1	5060		കെ.ഉണ്ണികൃഷ്ണൻ, സെക്രട്ടറി
2-2	2100		കെ.ഉണ്ണികൃഷ്ണൻ, സെക്രട്ടറി
3-6 II		8000	സുകുമാരൻ .കെ, കൃഷി ഓഫീസർ
ആകെ	7160	8000	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	580000	കെ. ഉണ്ണികൃഷ്ണൻ, സെക്രട്ടറി
3-2	850000	കെ. ഉണ്ണികൃഷ്ണൻ, സെക്രട്ടറി
3-3	65000	കെ. ഉണ്ണികൃഷ്ണൻ, സെക്രട്ടറി
3-4	603969	കെ. ഉണ്ണികൃഷ്ണൻ, സെക്രട്ടറി
3-5	30600	ഡോണ വിജയൻ , ഐ.സി.ഡി.എസ്. സൂപ്പർവൈസർ
3-6 I	50000	സുകുമാരൻ .കെ, കൃഷി ഓഫീസർ
ആകെ	2179569	

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
സുകുമാരൻ .കെ, കൃഷി ഓഫീസർ	കൃഷി ഓഫീസർ, തോളൂർ ഗ്രാമ പഞ്ചായത്ത്	കരുമപ്പറമ്പിൽ വീട് പുറനാട്ടുകര , തൃശ്ശൂർ
കെ.ഉണ്ണികൃഷ്ണൻ, സെക്രട്ടറി	സെക്രട്ടറി തോളൂർ ഗ്രാമ പഞ്ചായത്ത്	

4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	**ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം**	**റിമാർക്സ്**
1966-67	എൽ.എഫ്.ഇ(1)/5717/ 73/ 30.3.74	
1972-73	എൽ.എഫ്.ഇ(2)/1890/ 75/ 25.12.75	
1973-74	എൽ.എഫ്.ഇ(1)/457/ 76/ 24.2.76	
1974-75	എൽ.എഫ്.ടി.എസ്. 1039/11,18.10.11	

1979-80	എൽ.എഫ്.ടി.എസ്. 1039/11,18.10.11	
1981-82	എൽ.എഫ്.ടി.എസ്. 1039/11,18.10.11	
1982-83	എൽ.എഫ്.ടി.എസ്. 1039/11,18.10.11	
1983-84	എൽ.എഫ്.ടി.എസ്. 1039/11,18.10.11	
1984-85	എൽ.എഫ്.ടി.എസ്. 1039/11,18.10.11	
1985-86	എൽ.എഫ്.ടി.എസ്. 1039/11,18.10.11	
1986-87, 87-88	എൽ.എഫ്.ടി.എസ്. 1039/11,18.10.11	
1988-89, 89-90	എൽ.എഫ്.ഇ(2)/1624 /97(15) / 05.11.97	
1990-91	എൽ.എഫ്.ഇ(2)/1624 /97(16) / 05.11.97	
1991-92	എൽ.എഫ്.ഇ(2)/590/ 95/ 24.6.96	
1992-93, 93-94	എൽ.എഫ്.ഇ(2)/1905/ 97/19.1.98	
1994-95, 95-96, 96-97	എൽ.എഫ്.ടി.എസ്. 2-1039/ 11, 18.10.11	
1997-98	എൽ.എഫ്.ടി. 18-587/ 02(2)/ 5.7.02	
1998-99(വരവ്)	എൽ.എഫ്.ടി. 12-197/ 04/ 20.8.04	
1998-99(ചെലവ്)	എൽ.എഫ്.ടി. 12-197/ 04/ 20.8.04	
1999-2000	എൽ.എഫ്.ടി. 12-1012/ 2003/ 6.2.04	
2000-01, 01-02 (പ്ലാൻ)	എൽ.എഫ്.ടി. 12-1419/ 2003/ 3.3.07	
2001-02	എൽ.എഫ്.ടി. 12-437/ 08/ 18.7.09/ 29.9.09	
2002-03	എൽ.എഫ്.ടി. 12-436/ 08/ 18.7.09/ 29.9.09	
2003-04	എൽ.എഫ്.ടി. 12-2663/ 08/ 8.3.10/ 13.5.10	
2004-05	എൽ.എഫ്.ടി. 12-2664/08/ 8.3.10/ 13.5.10	
2005-06	എൽ.എഫ്.ടി. 12-590/ 10/ 6.9.10	
2006-07	എൽ.എഫ്.ടി. 12-591/ 10/ 6.9.10	
2007-08	എൽ.എഫ്.ടി.പി 3 – 963/ 12/ 29.9.12	
2008-09	എൽ.എഫ്.ടി.പി 3 –964/ 12/ 29.9.12/4.12.12	
2009-10	എൽ.എഫ്.ടി.പി 3 –965/ 12/ 29.9.12/8.2.13	
2010-11	എൽ.എഫ്.ടി.പി 3 – 966/ 12/ 29.9.12/8.2.13	
2011-12	എൽ.എഫ്.ടി.പി 3 –1108/ 13/ 3.12.13/ 8.1.14	
2012-13	എൽ.എഫ്.ടി.പി 3 –337/ 14/ 28.10.14/ 10.12.14	
2013-14	കെ.എസ്.എ.ടി.എസ്.ആർ.(പി 3)-289/15 തി. 16.07.15/13.10.15	
2014-15	കെ.എസ്.എ.ടി.എസ്.ആർ.(പി 3)-1047/16 തി. 2.7.16/21.7.16	

ഡെപ്യൂട്ടി ഡയറക്ടർ

<u>അനുബന്ധം 1</u>

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.ടി.എസ്.ആർ(പി3)7/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020 തിയ്യതി 30.01.2017

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ.

No.KSA-TSR(P3)7/2017

Office of the Joint Director of

Kerala State Audit Department,

District Audit Office, Thrissur

PIN 680 020 Dated 30.01.2017

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of **Tholur** Grama panchayath in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Tholur Grama Panchcyath for the year 2015-16, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,Thrissur